## പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1891 15.07.2016 ന് മറുപടിയ്ക്ക്.

### വന്യജീവികളുടെ ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ? | (എ) വന്യജീവികളുടെ ആക്രമണം മൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 1980 ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. ജി.ഒ (എം.എസ്) നം.96/2014/വനം തീയതി 17.11.2014 പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി ഉണ്ടായാൽ ആശ്രിതർക്ക് 5 ലക്ഷം രൂപയും, കാടിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകുന്നുണ്ട്. ഈ നഷ്ടപരിഹാരം ലഭിക്കുന്നതിനായി പരേതന്റെ ആശ്രിതർ നിശ്ചിത ഫോമിൽ, റവന്യൂ അധികാരിയിൽ നിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റും പരേതന്റെ മരണ സർട്ടിഫിക്കറ്റും സഹിതം ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ചാഫീസിൽ സംഭവം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെയിഞ്ച് ഫോറസ്റ്റാഫീസർ അന്വേഷണം നടത്തി ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം അർഹതപ്പെട്ട തുക നൽകുന്നതിനായുള്ള നടപടി ഉത്തരവ് ഡിവിഷണൽ ഫോറസ്റ്റാഫീസർ പുറപ്പെടുവിക്കുന്നു. |

സെക്ഷൻ ഓഫീസർ.